JUNE
Vol. 7 Issue : 6
2020

Bulletin

Irinjalakuda Diocese

"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20:28)

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)

Best Compliments from...

SAHRDAYA
GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

SAHRDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

COURSES OFFERED:

UG Courses : BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

PG Courses : MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

SAHRDAYA-*tech*

Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

COURSES OFFERED:

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

SAHRDAYA
COLLEGE OF ADVANCED STUDIES

P. B. NO. 18, KODAKARA, THRISSUR, 680684.
scasadmission@gmail.com; info@sahrdayacas.ac.in

www.sahrdayacas.ac.in

Apply Online

ADMISSION ENQUIRY

9400063194
9400063195
4802713713
9497233713
8301089784

UG & PG COURSES OFFERED

B.Com Professional, B.Com Finance, B.Com Taxation, B.Com Banking, B.Com Computer Application, BBA Finance, B.A English, B.A Malayalam, B.Sc Physics, B.Sc Chemistry, B.Sc Mathematics, B.Sc Psychology, B.Sc Geology, B.Sc Computer Science, BCA, M.Sc Psychology, M.Sc Clinical Psychology, M.Sc Computer Science, M.Com Finance, M.A English.

VALUE ADDED PROFESSIONAL PROGRAMMES

CA, ACCA(UK), CPA(USA), CMA(USA), FINTECH(USA), CMA(INDIA), CS, AVIATION MANAGEMENT(IATA), CAT.

LEARN LEAD SERVE

SAHRDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

MBA @ SIMS COURSES OFFERED:

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

ഇടയധർമ്മത്തിന്റെ 10 വർഷങ്ങൾ പൂർത്തിയാക്കി
ജൂൺ 29-ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

ഇരിങ്ങാലക്കുട രൂപത ബിഷപ്പ്
മാർ പോളി കണ്ണൂക്കാടൻ പിതാവിന്

പ്രാർത്ഥനാശംസകൾ....

Irinjalakuda Diocesan Bulletin

Vol.: 07 Issue: 06 JUNE 2020

MY LORD, MY GOD

Address:
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

Phone:
0480 2826820, 2826830

Website & E-mail:
www.irinjalakudadiocese.com
ijkbph@gmail.com

Subscription:
Monthly : ₹ 20.00
Annual : ₹ 200.00

ഉള്ളടക്കം

01	ഇടയശബ്ദം	05
02	ഇടയലേഖനം - മതബോധനവർഷം	10
03	സർക്കുലർ	15
04	A Brief Reoprt on Covid19 Interventions	17
05	കച്ചേരിക്കാര്യങ്ങൾ	20
06	ബ്ലസ് എ ഹോം	23
07	മതബോധനം	24
08	ബൈബിൾ അപ്പസ്തോലേറ്റ്	32
09	അവാർഡ്	35
10	സെന്റ് പോൾസ് മൈനർ സെമിനാരി	36
11	ഹൃദയ പാലിയേറ്റീവ് കെയർ	37
12	ഇടയന്റെ ഇന്നലെകൾ	38

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, അത്മായ സഹോദരരേ,

ജാഗ്രതയുടെ മുൻകരുതലുകളുടെ ഒരു കാലഘട്ടമായിരുന്നു ഈ കോവിഡ് 19ന്റെ പശ്ചാത്തലത്തിലുള്ള ലോക്ഡൗൺ ദിനങ്ങൾ. നാലാമത്തെ ലോക്ഡൗണിന്റെ അവസാനത്തെ ദിനങ്ങളിലാണ് ഈ വരികൾ ഞാൻ കുറിക്കുന്നത്. സ്വന്തം ആരോഗ്യത്തെക്കുറിച്ചും അപരന്റെ ആരോഗ്യത്തെക്കുറിച്ചുമുള്ള കരുതൽ ഇതിലുണ്ട്. തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന കത്തൃകല്പനയുടെ അനുവർത്തനമാണിത് എന്നുപറയാം.

Pandemic എന്നാണ് കൊറോണ വൈറസ് മൂലമുണ്ടാകുന്ന കോവിഡ് 19നെ വിശേഷിപ്പിക്കുന്നത്. ശരീരത്തെ ബാധിക്കുന്ന മാരകമായ പകർച്ചവ്യാധി എന്നാണിതിനർത്ഥം. ലോക്ഡൗൺ വഴി ഈ പകർച്ചവ്യാധിയെ തീർത്തും ഇല്ലാതാക്കാനാകും എന്ന് ആരും ഇപ്പോൾ ചിന്തിക്കുന്നില്ല. കോറോണ വൈറസും കോവിഡ് 19 എന്ന രോഗവും ജീവിതത്തിന്റെ ഓരോ മേഖലയിലും അത് ഏൽപ്പിച്ച് ആഘാതവും ഏറെക്കാലം നിലനിൽക്കും. ഫലപ്രദമായ പ്രതിരോധ വാക്സിനുകളോ, മരുന്നുകളോ കണ്ടെത്തുന്നതുവരെ കൊറോണ വൈറസും, കോവിഡ് രോഗവും മനുഷ്യവർഗ്ഗത്തിന് ഒരു ഭീഷണി തന്നെയായിരിക്കും. നിരന്തരം രൂപമാറ്റം വരാവുന്ന കോവിഡ് വൈറസ് എങ്ങനെയെല്ലാമായിരിക്കും ഭാവിയിൽ അതിന്റെ വിശ്വരൂപം കാട്ടുക എന്നത് യാതൊരു നിശ്ചയവുമില്ല. 2019 വരെ ജീവിച്ച രീതികളിലേക്കും അനുഭവിച്ച സ്വാതന്ത്ര്യങ്ങളിലേക്കും എത്രമാത്രം തിരിച്ചുപോകുവാൻ കഴിയും എന്നുപറയുവാൻ സമയമായിട്ടില്ല. ഇപ്പോൾതന്നെ ഏറെകാര്യങ്ങൾ നമ്മൾ വേണ്ടെന്ന് വച്ചിരിക്കുന്നു. ഏറെ കാര്യങ്ങൾ പുതുതായി ശീലിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ പല നിയന്ത്രണങ്ങളോടും പൊരുത്തപ്പെട്ടു കഴിഞ്ഞു. ലോകം മാറുന്നതനുസരിച്ച് നമ്മുടെ ശീലങ്ങളും മാറുന്നു. ലോക്ഡൗണിൽ അടച്ചിരുന്ന് ജീവൻ സംരക്ഷിക്കാമെങ്കിലും ജീവിതം തിരിച്ചുപിടിക്കണമെങ്കിൽ നിരന്തര പ്രയത്നം എല്ലാ മേഖലകളിലും സാധ്യമാകേണ്ടതുണ്ട്. ദൈവത്തിലാശ്രയിച്ച് കഠിനപ്രയത്നം നടത്തിയാൽ അസാധ്യമായി ഒന്നുമുണ്ടാകില്ല. ഉല്പാദന-വ്യവസായ-നിർമ്മാണ മേഖലകളും വ്യാപാര മേഖലകളും അസംഘടിത

തൊഴിൽമേഖലകളും പ്രവർത്തനനിരതമാകണം. അതിരൂക്ഷമായ ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കുവാൻ പരമ്പരാഗതമായ കാർഷിക രീതികൾ പുതിയ കാലഘട്ടത്തിനനുസരിച്ച് പുനരാരംഭിക്കേണ്ടതുണ്ട്. സ്വയം പര്യാപ്തതയുടെ തലത്തിലേക്ക് എത്തുന്നവിധത്തിൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തണം. അതോടൊപ്പം വ്യവസായ വാണിജ്യ കാർഷിക മേഖലകൾക്ക് ഉണർവ്വ് പകരുന്ന സാമ്പത്തിക പാക്കേജുകൾ സർക്കാരുകൾ ഫലപ്രദമായി നടപ്പിലാക്കണം.

മനുഷ്യന്റെ പരിധിവിട്ട പരാക്രമങ്ങളിൽനിന്നു മുക്തമായ പ്രകൃതി ഇപ്പോൾ കുറേക്കൂടി സ്വച്ഛവും ശുദ്ധവുമായിരിക്കുന്നു. പ്രകൃതിയുടെ അവകാശികൾ നാം മാത്രമല്ല എന്ന ബോധം ജനിപ്പിക്കുവാനും പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു എന്ന സൂചന നൽകുവാനും ഈ കോവിഡ് കാലം സഹായിച്ചിട്ടുണ്ട്. പ്രകൃതിയുടെയും ദരിദ്രരുടെയും നീതിക്കുവേണ്ടിയുള്ള നിലവിളിയെ അവഗണിക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രസക്തി ഇവിടെയാണ്.

ഭാവിതലമുറയെ വാർത്തെടുക്കുന്ന വിദ്യഭ്യാസരംഗവും സഭാസമൂഹത്തെ ആഴപ്പെടുത്തുന്ന വിശ്വാസപരിശീലനവും വളരെയേറെ വെല്ലുവിളികൾ നേരിടുകയാണ്. കുട്ടികളുടെയും യുവതലമുറയുടെയും വിദ്യാഭ്യാസ രീതികളിൽ കാതലായ മാറ്റങ്ങൾ ആവശ്യപ്പെടുന്നുണ്ട് ഈ കോവിഡ് കാലഘട്ടം. പുതിയ തലമുറ മാറ്റങ്ങളോട് പൊരുത്തപ്പെടുവാൻ ശ്രമിക്കുകയാണ്. സ്വന്തമായുള്ള പരിശ്രമം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കഴിവിനനുസരിച്ചുള്ള ഭാവി സ്വപ്നങ്ങൾ രൂപപ്പെടുത്തൽ മുതലായ ഘടകങ്ങൾ ഇതിൽ സ്വാധീനം ചെലുത്തണം. മാതാപിതാക്കളുടെ സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടി കുഞ്ഞുമക്കളെ അവരുടെ ജീവിത സ്വപ്നങ്ങളിൽ നിന്ന് വഴിമാറ്റി വിടുന്ന അവസ്ഥ ഇല്ലാതാവണം. മാതാപിതാക്കൾ മക്കളുടെ കഴിവിനനുസരിച്ച് അവരെ പ്രോത്സാഹിപ്പിക്കുകയും നയിക്കുകയും ചെയ്താൽ പുതിയ മാറ്റങ്ങളെ സ്വീകരിക്കുവാൻ നമ്മുടെ യുവതലമുറക്കും കുട്ടികൾക്കും എളുപ്പമായിരിക്കും. അദ്ധ്യാപകർ, വിദ്യഭ്യാസസ്ഥാപനങ്ങൾ, പരിശീലനകേന്ദ്രങ്ങൾ, വിദ്യഭ്യാസത്തിനുള്ള മറ്റ് സംവിധാനങ്ങൾ എല്ലാം ഈ രംഗത്തെ പുതിയ മാറ്റങ്ങളും അതുയർത്തുന്ന വെല്ലുവിളികളും ഏറ്റെടുക്കുവാൻ സജ്ജമാകേണ്ടിയിരിക്കുന്നു.

അജപാലനരംഗത്ത് പുത്തൻ ആഭിമുഖ്യങ്ങൾ രൂപപ്പെടുത്തണം. ലോക്ഡൗണിന്റെ നിശ്ചലാവസ്ഥക്ക് വിരാമമിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോക്ഡൗണിന്റെ നാലാം ഘട്ടം പൂർത്തിയാകുമ്പോൾ നിയന്ത്രിതമായെങ്കിലും ആരാധന സ്വാതന്ത്ര്യം ലഭിക്കുമെന്നാണ് കരുതുന്നത്. ദേവാലയങ്ങളിൽ ജനപങ്കാളിത്തമില്ലാതിരുന്ന ദിനങ്ങളിൽ ഭവനങ്ങൾ ദേവാലയങ്ങളായി മാറി. വിശ്വാസികൾ ദേവാലയങ്ങളിലേക്ക് പോകാതിരുന്നപ്പോൾ ഇടയന്മാർ വിശ്വാസികളെ അനുധാവനം ചെയ്യുന്നതിന് ഒരു പുതിയ മാനം രൂപപ്പെടുത്തുകയായിരുന്നു. ഓരോ വിശ്വാ

സിയ്ക്കും അവരായിരിക്കുന്നിടങ്ങളിലും അവസ്ഥയിലും കരുതലിന്റെയും സാന്ത്വനത്തിന്റെയും ധൈര്യം പകരുന്ന സാന്നിധ്യമായി എല്ലാ അജപാലകരും സമർപ്പിതരും അല്മായ പ്രേഷിതരും തുടർകാലങ്ങളിൽ അനുവർത്തിക്കേണ്ട വ്യത്യസ്തമായ അജപാലന മാതൃകകളായിരുന്നു ഇത്. ലോക്ഡൗൺ കാലം കഴിഞ്ഞാലും സഭ കൂടുതലായി ഇറങ്ങിത്തിരിക്കേണ്ട രീതിയാണ് ജീവൽപ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച് സുവിശേഷദൗത്യം നിർവ്വഹിക്കുക എന്നത്.

സഭ ലോക്ഡൗണിന്റെ നാലുഘട്ടങ്ങളിൽ നിർവ്വഹിച്ച പ്രതിരോധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറെ വിലമതിക്കപ്പെട്ടതാണ്. കോവിഡിനെതിരെ ബോധവത്കരണപ്രവർത്തനങ്ങളും, മാസ്ക്, സാനിറ്റൈസർ എന്നിവയുടെ നിർമ്മാണവും വിതരണവും, അതിഥി തൊഴിലാളികൾക്കും പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്കും ഭക്ഷണവും മരുന്നും എത്തിച്ചുകൊടുക്കലും, ഭക്ഷണകിറ്റ് തയ്യാറാക്കി വിതരണം ചെയ്യലും, കമ്മ്യൂണിറ്റി കിച്ചണനിൽ ആവശ്യമായ സഹായം നൽകലും തുടങ്ങീ ധാരാളം ജീവകാരുണ്യപ്രവർത്തനങ്ങൾ ഇനിയും നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽതന്നെ സഭയിലെ സോഷ്യൽ സൊസൈറ്റികളും രൂപതകളും ഇടവകകളും സന്യാസസമൂഹങ്ങളും ചേർന്ന് ഏപ്രിൽ 30 വരെ 44 കോടി രൂപ ഈ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒരു കോടി മൂന്നുലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി നൽകിയിട്ടുമുണ്ട്. നമ്മുടെ ഇരിങ്ങാലക്കുട രൂപത ഈയിനത്തിൽ ഒരുകോടി 90 ലക്ഷം രൂപയാണ് ഏപ്രിൽ 30വരെ ചെലവാക്കിയിരിക്കുന്നത്. കൂടാതെ ഒന്നരലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയിട്ടുമുണ്ട്. ലോക്ഡൗൺ പ്രഖ്യാപിച്ച അവസരത്തിൽ നമ്മുടെ ഹോസ്പിറ്റലുകൾ, ആരോഗ്യമേഖലയിൽ ശുശ്രൂഷ ചെയ്യുന്നവർ സർക്കാരുമായി സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സന്നദ്ധത പ്രകടമാക്കിയിട്ടുണ്ട്. കൂടാതെ പ്രവാസികൾക്ക് ക്വാറന്റീൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് നമ്മുടെ പാസ്റ്ററൽ സെന്ററുകൾ, ധ്യാനകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവ ജില്ലാ ഭരണാധികാരികൾ വഴി പ്രയോജനപ്പെടുത്തികൊടുക്കുന്നുണ്ട്. ആദ്ധ്യാത്മിക ചൈതന്യത്തിൽ നിന്നുകൊണ്ടുള്ള സാമൂഹിക പ്രവർത്തന ശൈലി തുടരേണ്ടിയിരിക്കുന്നു. ഓരോ ഇടവകവയും അതാതു പ്രദേശത്തുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രാദേശികതലത്തിൽ തദ്ദേശസ്വയംഭരണസംവിധാനങ്ങളുമായി സഹകരിച്ച് ഇതിനായി പ്രവർത്തിക്കേണ്ടതുണ്ട്.

Mobile App വഴി ടോക്കൺ നൽകി മദ്യം വിതരണം ചെയ്യുവാനുള്ള സർക്കാരിന്റെ നയം വേദനാജനകമാണ്. ഇതുവരെയുള്ള കുടുംബങ്ങളിലെ സമാധാനന്തരീക്ഷം ഇതോടെ കലുഷിതമാക്കുകയാണ്. മദ്യത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നവരെ അതിൽനിന്നും

പിന്തിരിപ്പിക്കുവാൻ തുടർന്നും പരിശ്രമിക്കാം. ദേവാലയങ്ങൾ അടച്ചിട്ടപ്പോൾ ജനങ്ങൾ ഒരുമിച്ചു കൂടുന്നത് സാധ്യമല്ലാതായപ്പോൾ സഭ ജനങ്ങളിലേക്ക് എത്തി. അവരായിരിക്കുന്ന തലങ്ങളിൽ ആത്മീയമായും സാമൂഹികമായും സഹായിച്ചു. ജനങ്ങളോടൊപ്പവും ജനങ്ങൾക്കുവേണ്ടിയും ദൈവത്തിലാശ്രയിച്ച് ദൈവഹിതപ്രകാരം നിലകൊള്ളുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും സംവിധാനങ്ങളും സമൂഹങ്ങളുമാണ് സഭ. ഈ തിരിച്ചറിവ് വിശ്വാസിസമൂഹത്തിനും സമർപ്പിതർക്കും വൈദികർക്കും ഉണ്ടാകുമ്പോഴാണ് സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകുന്നത്. ഈ കൂട്ടായ്മയിലാണ് ദൈവം പ്രവർത്തിക്കുന്നത്.

ഭീതിയുടെയും പരാജയബോധത്തിന്റെയും ആകുലതയുടെയും നാളുകളിൽ ആശ്വാസവും പ്രത്യാശയും നൽകുന്ന സാന്നിധ്യമായി പ്രവർത്തിക്കുമ്പോഴാണ് സഭ അതിന്റെ തനിമ കണ്ടെത്തുന്നത്. ഇതാണ് സഭയുടെ മിഷനറി പ്രവർത്തനം. ഈ കോവിഡ് കാലം അതിന് സാധിക്കട്ടെ. ദേവാലയങ്ങൾ തുറക്കുമ്പോൾ ഈ തനിമ, മിഷനറി സ്വഭാവം കൂടുതൽ സജീവമാകട്ടെ. ഈശോയുടെ ലോക്ഡൗൺ കാലമായിരുന്നു കല്ലറയിൽ. അതിനെ അതിജീവിച്ചത് മനുഷ്യവർഗ്ഗത്തിനു പ്രത്യാശ നൽകികൊണ്ടുള്ള ഉത്ഥാനത്തിലൂടെയായിരുന്നു. ഈ കോവിഡ് കാലം ലോകത്തിന് പ്രത്യാശ നൽകുവാൻ സഭയ്ക്ക് കഴിയട്ടെ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

+ Joseph Kammookadan

ഇരിങ്ങാലക്കുട
30.05.2020

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

രൂപത മധ്യസ്ഥ തിരുനാൾ
തിരുഹൃദയ തിരുനാൾ
ജൂൺ 19 വെള്ളിയാഴ്ച

ജൂൺ 19 വെള്ളിയാഴ്ച തിരുഹൃദയത്തിരുനാൾ ദിനത്തിൽ വി. കുർബാനയിലും പ്രത്യേക ആരാധനയിലും രൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. അന്നേദിവസം വൈകിട്ട് 8 മണിക്ക് എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നവീകരിക്കണം.

മധ്യസ്ഥതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

ഇടയലേഖനം

528/20
30.05.2020

മതബോധനവർഷം 2020-2021
ഗുരുദർശനം ജീവിതപ്രതിസന്ധികളിൽ

കൊറോണ വൈറസ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ മതബോധന അധ്യയന വർഷത്തിലേക്ക് സമാനതകളില്ലാതെ, ഒരുപാട് വ്യത്യസ്തതകളോടും നിറഞ്ഞ പ്രതീക്ഷയോടും കൂടെ പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ദൈവാനുഗ്രഹം നേരുന്നു.

വൈറസ് വ്യാപനം മുന്നോട്ട് വച്ച പ്രതിസന്ധികളുടെയും, അസ്വസ്ഥതകളുടെയും, സാമ്പത്തിക സ്തംഭനത്തിന്റെയും ആശങ്കകളുടെയും ഈ അനിശ്ചിത കാലഘട്ടത്തിൽ 'ഗുരുദർശനം ജീവിതപ്രതിസന്ധികളിൽ' എന്ന ആപ്തവാക്യം 2020-2021 മതബോധന അധ്യയന വർഷത്തിന്റെ മുഖമുദ്രയായി നാം സ്വീകരിച്ചിരിക്കുന്നു. ഉത്ഥാനം ചെയ്ത ക്രിസ്തു അഭിസംബോധന ചെയ്ത ആദ്യപദം 'സമാധാനം' എന്നതാണ് (യോഹ 20:21). ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ് അപ്പസ്തോലന്മാരുടെ സാക്ഷ്യജീവിതത്തിന് ബലമേകിയത്. ക്രിസ്തുവിന്റെ വിളി സ്വീകരിച്ച്, അവന്റെ പാത പിന്തുടരാൻ തിരഞ്ഞെടുക്കപ്പെട്ടവരായ നാമോമോരുത്തരും പ്രതിസന്ധികളിൽ തളരാതെ മുന്നേറണമെങ്കിൽ, നമുക്ക് വിശ്വാസം പകർന്ന് തന്നവരുടെ ഊർജ്ജ സ്രോതസ്സിൽ നിന്ന് ആത്മധൈര്യത്തിന്റെ ജലം സ്വീകരിക്കണം. സ്വന്തം പിതാവിന്റെ കൈപ്പിടിച്ച് നടക്കുന്ന കുഞ്ഞിനു യാതൊരു ഭയവുമില്ലാത്ത് പോലെയാണ് ഉറച്ച വിശ്വാസത്തിന്റെ പൈതൃകം പേറുന്ന മാതാപിതാക്കളുടെയും, മതാദ്ധ്യാപകരുടെയും കരംപിടിച്ച് വളരുന്ന ഓരോ കുഞ്ഞും.

ലോകം മുഴുവൻ ഹൃദയത്തിലേക്കെറ്റെടുത്ത വിക്ടർ ഫ്രാങ്ക്ളിന്റെ മനോഹരമായ ഗ്രന്ഥമാണ് The Man's Search for Meaning. നാസി തടങ്കൽ പാളയത്തിനകത്ത് വച്ച് ഓരോ പുലരിയിലും തന്നോടൊപ്പം ഉണർന്നിരുന്നവരിൽ ചിലർ അന്ന് സായാഹ്നത്തിൽ മരണത്തിന്റെ താഴ്വരയിലേക്ക് വലിച്ചെറിയപ്പെടുന്ന രംഗം ഗ്രന്ഥകർത്താവ് നിരവധി തവണ വിവരിക്കുന്നുണ്ട്. ക്രൂരമായ പീഡനങ്ങൾ, പട്ടിണി, രോഗങ്ങൾ തുടങ്ങി അവരുടെ മരണത്തിന് പല തരത്തിലുള്ള കാരണങ്ങൾ ആയിരുന്നു

വെങ്കിലും വിക്ടർ ഫ്രാങ്ക്ളിൻ മാത്രം തിരിച്ചറിഞ്ഞ മറ്റൊരു കാരണം കൂടി അവരുടെയെല്ലാവരുടെയും മരണത്തിന് നിദാനമായിരുന്നു. പട്ടിണി കൊണ്ടോ രോഗം കൊണ്ടോ ആയിരുന്നില്ല, മരുന്നില്ലാഞ്ഞിട്ടോ ഭക്ഷണമില്ലാഞ്ഞിട്ടോ അല്ലായിരുന്നു, അവരിൽ ഭൂരിഭാഗം ആളുകളും മൃതിയടഞ്ഞത്. ജീവനെ പിടിച്ചു നിർത്തണം എന്നാഗ്രഹിക്കത്തക്ക ഒരു കാരണം ഇനിയും ജീവിക്കണമെന്ന് പ്രേരിപ്പിക്കുന്ന ഒരു പ്രതീക്ഷ അവർക്ക് നഷ്ടമായി കഴിഞ്ഞിരുന്നു എന്നത് കൊണ്ടാണ്. നീണ്ട വർഷങ്ങളുടെ നാസിഭീകരദിനങ്ങളെ അതിജീവിച്ച് പിന്നീട് അതിജീവനത്തെക്കുറിച്ച് ഇങ്ങനെ ഒരു കൃതി രചിക്കുവാൻ വിക്ടർ ഫ്രാങ്ക്ളിന് സാധിച്ചതിന് അദ്ദേഹം തന്നെ രണ്ട് കാരണങ്ങൾ കുറിക്കുന്നുണ്ട്. ഒന്ന്, ഹൃദയത്തിൽ ജീവനോടെ നിലനിന്ന ക്രൈസ്തവവിശ്വാസം. രണ്ട്, പ്രതീക്ഷയോടെ തന്നെ വീട്ടിൽ കാത്തിരിക്കുന്ന പ്രിയ പത്നിയെക്കുറിച്ചുള്ള ജീവിസ്സുറ്റ സ്മരണ.

ജീവന്റെ അടയാളമാണ് ചലനം വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രഥമപുസ്തകത്തിന്റെ പ്രഥമ താളുകളിൽ തന്നെ ജലോപരിതലത്തിലെ ദൈവചലനത്തെക്കുറിച്ചും ചൈതന്യത്തെക്കുറിച്ചും നാം വായിക്കുന്നുണ്ട് (ഉൽപത്തി 1:2). ജീവനറ്റതിന് പകരം പറയുന്ന പദം പോലും 'ചലനമറ്റു' എന്നാണ്. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കെല്ലാം ഒറ്റ ലക്ഷണമാണ്, നെഞ്ചിനകത്തും പുറത്തുമൊക്കെയായി അവ ഇങ്ങനെ ചലിച്ചുകൊണ്ടേയിരിക്കുന്നു എന്ന അടയാളം. ആ ചലനത്തിന്റെ നേരത്തിൽ നാം വല്ലാതങ്ങ് ചെരിഞ്ഞ് പോകുമ്പോൾ നമ്മെ വീഴാതെ നിർത്തുന്ന വലിയ ശക്തിയാണ് ദൈവം. 40 രാവും 40 ഇരവും പ്രപഞ്ചത്തിൽ ഉയർന്ന് നിന്ന പ്രളയകാലത്തിലും (ഉൽപത്തി 7:17) പെട്ടകം ആസകലം ഇങ്ങനെ ആടിയുലയുമ്പോഴും നോഹയുടെ കൈയിൽ പിടിമുറുക്കിയ പിതാവായ ദൈവം തന്നെ ആയിരുന്നു ആ പ്രാണൻ. പിന്നീട് രക്ഷാകര ചരിത്രത്തിന്റെ ഹൃദയമായ പുറപ്പാട് യാത്രയിലുടനീളം ഇസ്രായേൽ ജനതയുടെ പ്രാണന് കാവലായി അതേ ദൈവം ഉണ്ടായിരുന്നു. ആ യാത്രയിൽ ആർക്കും മരണമുണ്ടായില്ല എന്ന് ഇതിന് അർഥമില്ല. ദാനമായി ലഭിച്ച പ്രാണനെയെല്ലാം ദാനമായി അവർ നൽകിയത് അതേ ദാതാവിന്റെ കരങ്ങളിലേക്ക് തന്നെ ആയിരുന്നു.

നൂറ്റാണ്ടുകൾക്കിപ്പുറം പുതിയ നിയമത്തിന്റെ താളുകളിലേക്ക് നാം കണ്ണോടിക്കുമ്പോൾ നമുക്ക് കാണാനാകും വള്ളത്തിന്റെ അമരത്ത് തല ചായ്ച്ച് ഉറങ്ങുന്ന ഉടയവനെ (മാർക്കോസ് 4:35-41). കടൽ അലകൾ കൊണ്ട് സംഹാരതാണ്ഡവം ആടുമ്പോഴും ക്രിസ്തുവിന് എങ്ങനെ ശാന്തമായി മയങ്ങാൻ കഴിഞ്ഞുവെന്ന് ചോദിച്ചാൽ, ഉത്തരം വളരെ ലളിതമാണ്. ആ ചെറുപ്പക്കാരൻ തല ചായ്ച് വച്ച മരം വള്ളത്തിന്റെ

ആയിരുന്നില്ല. അത് പിതാവിന്റെ നെഞ്ചിന്റേതായിരുന്നു. ചരിത്രത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും, സഭാനൗക വളരെ ശാന്തമായി ഒഴുകിയ ദിനങ്ങൾ തീരെ ഇല്ലായിരുന്നുവെന്ന്. അപ്രതീക്ഷിതമായ കൊടുങ്കാറ്റുകളുടെയും വിമർശനങ്ങളുടെയും പേമാരികളുടെയും പരിഹാസങ്ങളുടെ ഇടിനാദങ്ങളുടെയും മദ്ധ്യത്തിലൂടെ തന്നെയായിരുന്നു സഭ ഇതുവരെയ്ക്കും തുഴഞ്ഞ് എത്തിയിട്ടുള്ളത്. സഭാനൗകയുടെ ചുക്കാനേന്തിയുള്ള കപ്പിത്താന്മാരിൽ പലരും പത്രോസിനെ പോലെത്തന്നെ പതറിപ്പോയിട്ടും ഇതു ഇങ്ങനെ മുങ്ങിത്തകരാതെ ഒഴുകിക്കൊണ്ടിരിക്കുന്നത് അമരത്ത് ക്രിസ്തു ശാന്തമായി ഇരിക്കുന്നതുകൊണ്ടാണ്. പരിഭ്രാന്തരും ഭയചകിതരുമായ വിശ്വാസികൾ ഹൃദയം തുറന്ന്, നെഞ്ച് തകർന്നും കണ്ണ് കലങ്ങിയും വിളിച്ചപേക്ഷിക്കുമ്പോൾ സമയോചിതമായി അവൻ ഇടപെടും.

മഹാമാരികളും പ്രളയക്കെടുതികളും പകർച്ചവ്യാധികളും മനുഷ്യനെ പേടിപ്പെടുത്തുമ്പോൾ, അവയുമായി മനുഷ്യൻ മല്ലിടുമ്പോൾ ചിലരെങ്കിലും വിശ്വാസം തകർന്ന് ദൈവത്തെ ചോദ്യം ചെയ്ത്, സഭയെ മറുതലിച്ച് ഇറങ്ങിപ്പോകുന്ന രംഗം നാം കാണുന്നുണ്ട്. ബലഹീനരായ മനുഷ്യരുടെ അപക്വമായ ഇത്തരം തീരുമാനങ്ങൾ ഒരിക്കലും ആരേയും ജീവനിലേക്ക് നയിച്ചിട്ടില്ലല്ലോ. ഗുരുവിനെ മറന്നവരും ഒറ്റിക്കൊടുത്തവരും പിന്നീട് ഇറങ്ങിപ്പോയത് മുഴുവൻ ഇരുട്ടിലേക്ക് ആയിരുന്നുവെന്ന് വേദഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ പിടിച്ചുനിൽക്കുന്നവർക്ക് പിന്നീട് ലഭിച്ചത് പറുദീസ ആയിരുന്നു. ഓരോ ദിവസവും അവസാന ദിനമാകാനുള്ള വലിയ സാധ്യത മാത്രം മുന്നിൽ നിന്നപ്പോഴും സ്വന്തം നെഞ്ചിൽ ക്രിസ്തുവിനോടുള്ള വിശ്വാസവും പ്രിയപത്നിയോടുള്ള സ്നേഹവും നിലനിർത്തിയ വിക്ടർ ഫ്രാങ്ക്ളിൻ തിരിച്ചുവന്നതും സ്വന്തം വീടാകുന്ന പറുദീസയിലേക്കായിരുന്നു. പിന്നീട് അയാൾ വഴി നിരവധിപേരാണ് ജീവിതത്തിൽ അവരവരുടെ പറുദീസ കണ്ടെത്തിയത്. വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോൾ ഉത്തരംമുട്ടിപോകുന്നവർക്കും വിശ്വാസം തെറ്റെന്ന് പറയുന്നവരുടെ മുമ്പിൽ ആയുധം വച്ച് അടിയറവ് പറയുന്നവർക്കും ലോകത്തിൽ ഇതുവരെ പറുദീസ ലഭിച്ചിട്ടുമില്ല, അവരാരും പ്രത്യാശയുടെ ദീപം കൊളുത്തിയിട്ടുമില്ല. ഒറ്റയ്ക്കു പിടിച്ചുനിന്നവർ മാത്രമാണ് പിന്നീട് ആരെയെങ്കിലുമൊക്കെ പിടിച്ച് നിർത്തിയിട്ടുള്ളത്. വിശ്വാസം, അത് ഒരു ബലമാണ്. ആരും ഒറ്റയ്ക്കല്ല എന്ന ധൈര്യം നമുക്ക് നൽകുന്ന വലിയ ഒരു ബലം.

പരിശുദ്ധാത്മാവിലുള്ള ജീവിതത്തിന് നമ്മെ പ്രാപ്തരാക്കുന്ന മനുഷ്യന്റെ വിളിയെ പൂർത്തിയാക്കുന്നതാണ് ഈ വിശ്വാസം (CCC, 1699). ഇത് നമുക്ക് ലഭിക്കുന്നത് മതബോധനത്തിലൂടെയാണ്. ഇത് ദൈവീക സ്നേഹത്തിലും മാനുഷിക സഹാനുഭാവത്തിലും വളരാൻ നമ്മെ

സഹായിക്കുന്നു (CCC, 1699). അങ്ങനെ "സഭയുടെ ജീവിതത്തിൽ പങ്കുചേരാനുള്ള ക്രൈസ്തവന്റെ കടമ അവരെ സുവിശേഷത്തിന്റെയും അതിൽ നിന്ന് ഉത്ഭവിക്കുന്ന കടമകളുടെ സാക്ഷികളെന്ന നിലയിൽ പെരുമാറാൻ നിർബന്ധിക്കുന്നു. ഈ സാക്ഷ്യം വാക്കുകളിലും പ്രവൃത്തികളിലും കൂടിയുള്ള വിശ്വാസത്തിന്റെ ഒരു പകർന്നുകൊടുക്കലാണ് (CCC, 2472).

പ്രിയ മാതാപിതാക്കളെ, മതാദ്ധ്യാപകരെ, കുഞ്ഞുമക്കളെ, പുതിയ വിശ്വാസ പരിശീലന വർഷം 2020-2021 'ഗുരുദർശനം ജീവിതപ്രതിസന്ധികളിൽ' എന്ന ആപ്തവാക്യത്തിലൂന്നി നാം ആരംഭിക്കുകയാണല്ലോ. ദേവാലയത്തിൽ ഒരുമിച്ചുകൂടി അതാതുക്ലാസ്സുകളിൽ (Regular Sunday Catechism) വിശ്വാസപരിശീലനം നടത്തുവാൻ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം നമ്മെ അനുവദിക്കുന്നില്ല. എങ്കിലും ക്രിസ്തീയ ജീവിതത്തിന് അനിവാര്യമായ വിശ്വാസപരിശീലനം തുടർന്നുപോകേണ്ടിയിരിക്കുന്നു. ഇടവക ദേവാലയത്തിൽപോയി കാറ്റക്കിസം ക്ലാസ്സുകൾ തുടങ്ങുവാൻ സാധിക്കുന്ന കാലംവരെ 'വീട് ഒരു വിശ്വാസപരിശീലനകളരി' എന്നടിസ്ഥാനത്തിൽ വീട് ഒരു ദേവാലയവും മാതാപിതാക്കൾ മതാദ്ധ്യാപകരുമായി മാറുകയാണ്. ജൂൺ 7 മുതൽ എല്ലാ ഞായറാഴ്ചകളിലും രാവിലെ 10 മുതൽ 11 വരെ Family Catechism Hour (വീടുകളിലെ വിശ്വാസപരിശീലനം) ആയിട്ടാണ് രൂപത വിഭാവനം ചെയ്യുന്നത്. വീടുകളിലെ വിശ്വാസപരിശീലനം തനിമയോടും ക്രിയാത്മകമായും രൂപത മതബോധന കേന്ദ്രം നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി സംഘടിപ്പിക്കുവാൻ നിങ്ങളുടെ നിർലോഭമായ സഹകരണം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രിയ മാതാപിതാക്കളെ, മതാദ്ധ്യാപകരെ, ക്രിസ്തു കൂടെയുണ്ട് എന്ന വിശ്വാസത്തിലായിരുന്നു അപ്പസ്തോലന്മാരുടെ മുഴുവൻ ചലനങ്ങളും സുവിശേഷ പ്രഘോഷണവും ജീവിതം മുഴുവനും. ക്രിസ്തുവിന്റെ പാതയിലൂടെ ചരിക്കുന്നവരായ നാം, ആ വിശ്വാസത്തിന്റെ തീവ്രഭാവം നമ്മുടെ ഓരോരുത്തരുടെയും ജീവിത സാഹചര്യങ്ങളിൽ ഉണ്ടോ ഇല്ലയോ എന്ന് തിരിച്ചറിയുന്ന നിമിഷങ്ങളാണ് ഇതുപോലെയുള്ള അസന്നിഗ്ദാവസ്ഥകൾ. അഗ്നിയിൽ സ്വർണ്ണം ശുദ്ധീകൃതമാകുന്നതുപോലെ ഈ പ്രതിസന്ധി ഘട്ടങ്ങൾ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അർത്ഥം നമുക്ക് തന്നെ വ്യക്തമാക്കി തരുന്നു. ദേവാലയം അടഞ്ഞുകിടക്കുന്ന ഈ സാഹചര്യങ്ങളിൽ കുടുംബങ്ങളെ ദേവാലയങ്ങളാക്കാൻ, അതിലൂടെ പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമയുടെയും പങ്കുവയ്പിന്റെയും ഉദാത്ത മാതൃകകൾ നിങ്ങളുടെ ജീവിതമാകുന്ന പാഠപുസ്തകത്തിലൂടെ കുഞ്ഞുങ്ങൾക്ക് പകർന്നുകൊടുക്കുവാൻ സർവ്വശക്തൻ ഓരോരുത്തരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പ്രിയ കുഞ്ഞുങ്ങളേ, ഭീതിയുടെയും അസ്വസ്ഥതകളുടെയും ഈ കാലഘട്ടത്തിൽ ഈശോയുടെ കരംപിടിച്ച് മറ്റുള്ളവരുടെ മുമ്പിൽ ഈശോയ്ക്ക് സാക്ഷ്യം നൽകി ജീവിക്കാൻ നമുക്ക് സാധിക്കണം. വി. ബലിയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ വ്യക്തി പരമായ പ്രാർത്ഥനയിലൂടെയും കുടുംബ പ്രാർത്ഥനകളിലൂടെയും സുകൃത ജപങ്ങളിലൂടെയും ഹൃദയംകൊണ്ട് ഈശോയിലേക്ക് അടുക്കാനും ജപമാല പ്രാർത്ഥനയിലൂടെ പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നേടാനും നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവർക്കും അനുഗ്രഹപ്രദമായ ഒരു അധ്യയനവർഷം പ്രാർത്ഥനാപൂർവ്വം നേരുന്നു.

ഇരിങ്ങാലക്കുട
30.05.2020

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മേജർ-മൈനർ പട്ടങ്ങൾ

നമ്മുടെ രൂപതയ്ക്കുവേണ്ടി മേജർ - മൈനർ പട്ടങ്ങൾ സ്വീകരിച്ച ശെമ്മാശന്മാർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. മ്ശംമ്ശാന, ഹെവ്പദ്യാക്ക്ന, കാറോയ എന്നീ പട്ടങ്ങളുടെ ശുശ്രൂഷകൾക്കായി നിയോഗിച്ചുയർത്തപ്പെട്ട അവർക്കോരോരുത്തർക്കുംവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

ഡീക്കന്മാർ

1. ബ്രദർ ജിബിൻ നായത്തോടൻ, തുരുത്തിപ്പറമ്പ്
2. ബ്രദർ സിബിൻ വാഴപ്പിള്ളി, കരോട്ടുകര
3. ബ്രദർ ഹാലിറ്റ് തുലാപറമ്പൻ, കുറ്റിക്കാട്
4. ബ്രദർ ലിജോ മണിമലക്കുന്നേൽ, കൊടുങ്ങല്ലൂർ

സബ് ഡീക്കന്മാർ

1. ബ്രദർ ജെർലിറ്റ് കാക്കനാടൻ, കുഴൂർ
2. ബ്രദർ അബിൻ കൊടിയൻ, തെക്കൻ താണിശ്ശേരി
3. ബ്രദർ മെജിൻ കല്ലേലി, കുറ്റിക്കാട്
4. ബ്രദർ ഗ്ലിഡിൻ പഞ്ഞിക്കാരൻ, മഠത്തുംപടി
5. ബ്രദർ ഡെൽബി തെക്കുംപുറം, നെല്ലായി
6. ബ്രദർ ജോസഫ് തൊഴുത്തിങ്കൽ, തോട്ടുമുക്കം

കാറോയ

1. ബ്രദർ ലിയോ കോനിക്കര, കൊടകര
2. ബ്രദർ ഓസ്റ്റിൻ പാറയ്ക്കൽ, പുത്തൻവേലിക്കര
3. ബ്രദർ ക്രിസ്റ്റി ചിറ്റക്കര, പാദുവാനഗർ

491/20
23.05.2020

സർക്കുലർ

കൊറോണ വൈറസ് : ചില പ്രായോഗിക നിർദ്ദേശങ്ങൾ

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ,

ഇരിങ്ങാലക്കുട രൂപതാഭവനത്തിൽ നിന്നും സ്നേഹാശംസകൾ നേരുന്നു. 2020 മെയ് ഇരുപതാം തിയ്യതി ബുധനാഴ്ച രൂപതാഭവനത്തിൽ വച്ചു നടത്തിയ കൂരിയ അംഗങ്ങളുടേയും, ആലോചന സമിതി അംഗങ്ങളുടേയും, ഫൊറോന വികാരിമാരുടേയും സമ്മേളനങ്ങളിൽ നിന്നും ഉരുതിരിഞ്ഞ ആശയങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ അറിയിക്കുന്നു:

1. കോവിഡ് 19 ന്റെ ഭാഗമായുള്ള ലോക്ക് ഡൗണിന്റെ നാലാം ഘട്ടം തുടരുന്നതിനാലും മതപരമായ ഒത്തുകൂടലുകൾ ഗവൺമെന്റ് അനുവദിക്കാത്തതിനാലും വൈദികരുടെ വാർഷികധ്യാനം നേരത്തെ നിശ്ചയിച്ചിരുന്നതുപോലെ 2020 ജൂൺ മാസത്തിൽ (1-5, 15-19) ഉണ്ടായിരിക്കുന്നതല്ല. കൊറോണ വൈറസിന്റെ വ്യാപനം നിയന്ത്രിക്കപ്പെടുകയും മതപരമായ ഒത്തുകൂടലുകൾ സാധാരണ ഗതിയിലാകുന്നതനുസരിച്ചും വാർഷികധ്യാനത്തിന്റെ തിയ്യതി പിന്നീട് നിശ്ചയിച്ച് അറിയിക്കുന്നതാണ്. സെപ്തംബർ അവസാനത്തെ രണ്ടാഴ്ചകളിൽ വൈദികരുടെ പഞ്ചദിന ക്യാമ്പിന് (14-18, 21-25) പകരം വാർഷിക ധ്യാനം നടത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.
2. വൈദികരുടെ സ്ഥലമാറ്റം ഇപ്പോഴത്തെ സാഹചര്യം പരിഗണിച്ച് ഈ വർഷം ജൂലൈ മാസത്തിൽ ഉണ്ടായിരിക്കുന്നതല്ല. വാർഷിക ധ്യാനത്തിനുശേഷം സ്ഥലമാറ്റം നടത്താവുന്ന വിധത്തിൽ ഇക്കാര്യം ക്രമീകരിക്കുന്നതാണ്.
3. പള്ളിയോഗങ്ങൾ സാധാരണഗതിയിൽ കൂടുവാൻ ഇപ്പോൾ അനുവദനീയമല്ലാത്തതിനാൽ പുതിയ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പും (പള്ളിയോഗ നടപടി ക്രമങ്ങൾ-നമ്പർ:41 മുതൽ) തെരട്ട് ഹാജരാക്കലും (ഇരിങ്ങാലക്കുട രൂപത നിയമാവലി-2017 നമ്പർ:190; അനുബന്ധം അഞ്ച്-പേജ്:241) നീട്ടി വയ്ക്കുന്നു. മതപരമായ കാര്യങ്ങൾ സാധാരണ ഗതിയിലാകുന്നതനുസരിച്ച് ഈ കാര്യങ്ങളുടെ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതുവരെ ഇപ്പോഴത്തെ കൈക്കാരന്മാർ അവരുടെ ഉത്തരവാദിത്വങ്ങൾ തുടരുവാൻ അനുവദിച്ചിരിക്കുന്നു. തെരട്ട് സമർപ്പിക്കുന്നത് നീട്ടി വയ്ക്കുന്നുവെങ്കിലും പള്ളികണക്കുകൾ എല്ലാം ശരിയാക്കി Internal auditing പൂർത്തിയാക്കി വയ്ക്കേണ്ടതാണ്.

4. വിശുദ്ധ കുർബ്ബാനയ്ക്ക് അനുവദനീയമായിട്ടുള്ളിടത്തോളം പേരെ (ഇപ്പോൾ അഞ്ചുപേർ) പങ്കെടുപ്പിക്കാവുന്നതാണ്. കൈക്കാരന്മാർ, ഇടവക പ്രതിനിധികൾ, കുടുംബസമ്മേളന ഭാരവാഹികൾ, സംഘടനാഭാരവാഹികൾ എന്നിവരിൽ നിന്നും രണ്ടോ മൂന്നോ പേരെ തിരഞ്ഞെടുത്ത് ബഹു. അച്ചനും ദേവാലയ ശുശ്രൂഷിയും കൂടെ വി. കുർബ്ബാനയർപ്പിക്കുന്നത് ഉചിതമായിരിക്കും. ഒന്നിൽ കൂടുതൽ വൈദികരുണ്ടെങ്കിൽ കുർബ്ബാനയുടെ എണ്ണം കൂട്ടുന്നതും അഭികാമ്യമാണ്.
5. ലോക് ഡൗണിന്റെ നിബന്ധനങ്ങൾക്ക് അനുസൃതമായി ദൈവജനത്തിന്റെ ആത്മീയാവശ്യങ്ങളായ മാമ്മോദീസ, വിവാഹം, ഒറ്റയ്ക്കുള്ള ആദ്യകുർബ്ബാന സ്വീകരണം, മനസമ്മതം, മൃതസംസ്കാരം, ചരമവാർഷികം, മരിച്ചവർക്ക് വേണ്ടിയുള്ള ഒപ്പീസ്, വീട്ടന്നിദ, സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള കുമ്പസാരം തുടങ്ങിയവ അനുഭാവപൂർവം പരിഗണിച്ചു നടത്തിക്കൊടുക്കേണ്ടതാണ്.
6. 2020 മെയ് 31 ഞായറാഴ്ച മുതലുള്ള അദ്ധ്യയന വർഷത്തെ മതബോധന വിഷയമായി ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് 'ഗുരുദർശനം ജീവിത പ്രതിസന്ധികളിൽ" എന്ന് നിശ്ചയിച്ചിരിക്കുന്നു.
7. കൊറോണ വൈറസ്/കോവിഡ് 19 ന്റെ വ്യാപനത്തെതുടർന്ന് നമ്മുടെ നാട്ടിലുണ്ടായ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള പരിശ്രമങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുവാൻ ഒരു കോടി തൊണ്ണൂറു ലക്ഷം രൂപ നമ്മുടെ രൂപതാഭവനവും, രൂപത സോഷ്യൽ ആക്ഷൻ ഫോറവും ചാലക്കുടി അവാർഡ് സൊസൈറ്റിയും ഇടവകകളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും ചേർന്ന് 2020 ഏപ്രിൽ 30 വരെ ചിലവഴിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സഹകരിച്ചവരേയും നേതൃത്വം നൽകിയവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.
8. ദുരിതമനുഭവിക്കുന്നവരേയും സാമ്പത്തിക തകർച്ചയിലായിരിക്കുന്നവരേയും സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുവേണ്ടി ആവശ്യമായിട്ടുള്ള എല്ലാ സഹായസഹകരണങ്ങളും തുടർന്നും ചെയ്യുമല്ലോ. എന്നാൽ, സമത്വവും തുല്യനീതിയും നടപ്പാക്കുന്നു എന്ന രീതിയിൽ സഹായം ആവശ്യമില്ലാത്ത സമ്പന്നർക്കുംകൂടെ വിതരണം ചെയ്യുവാൻ ഇടവകയുടെ പൊതുസമ്പത്ത് ഉപയോഗിക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. അത് ദുരിതമനുഭവിക്കുന്നവർക്ക് അർഹതപ്പെട്ട സഹായം ലഭിക്കുന്നതിന് തടസ്സമാകുമെന്ന കാര്യം മറക്കരുത്.
9. നമുക്ക് ഏറെ പ്രിയപ്പെട്ട പ്രവാസികളുടെ സ്വദേശത്തേക്കുള്ള തിരിച്ചുവരവിനോടനുബന്ധിച്ച് പ്രത്യേക ഇടപെടലുകൾ രൂപതാതല

ത്തിൽ നടത്തപ്പെടുവാൻ ഇരിങ്ങാലക്കുട മേഖലയിൽ 'രൂപത സോഷ്യൽ ആക്ഷൻ' ഡയറക്ടറേയും ചാലക്കുടി മേഖലയിൽ 'അവാർഡ്' ഡയറക്ടറേയും മാള മേഖലയിൽ 'കേരളസഭ'പത്രം എക്സി. ഡയറക്ടറേയും ബന്ധപ്പെടേണ്ടതാണ്.

10. തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ കണ്ടെത്തുന്നതിനും തൊഴിലാളികളെ ആവശ്യമുള്ളവർക്ക് അക്കാര്യത്തിനും കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികവിളകൾ വിറ്റഴിക്കുന്നതിനും മറ്റു ഇതരമേഖലകൾ തുറന്നുകൊടുക്കുന്നതിനും ഒരു മൊബൈൽ ആപ്പ് 'കുട' എന്ന പേരിൽ ചാലക്കുടി 'അവാർഡ്' സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഉചിതമായ പ്രചാരം കൊടുത്ത് ആവശ്യക്കാരെ സഹായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. വീടുകളിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്തുകൾ ലഭ്യമാക്കുന്നതിനും പള്ളിയുടേയും, സ്ഥാപനങ്ങളുടേയും തരിശുഭൂമികൾ കാർഷിക യോഗ്യമാക്കുന്നതിനും, ഇടവക അതിർത്തിയിലുള്ള നെൽകൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായിട്ടുള്ള നേതൃത്വം രൂപത സോഷ്യൽ ആക്ഷൻ നൽകുന്നുണ്ട്. ഇതിന് ഉചിതമായ പിന്തുണ നൽകേണ്ടതാണെന്ന് ഓർമ്മിപ്പി ക്കുന്നു.
12. ഈ വർഷം സെമിനാരി അഡ്മിഷനു ആഗ്രഹിക്കുന്ന യോഗ്യതയുള്ള കുട്ടികളെ കണ്ടുപിടിച്ചു എത്രയും വേഗം രൂപത മൈനർ സെമിനാരി റെക്ടർ ബഹു. വിൻസന്റ് പാറയിൽ അച്ചനെയോ, വൊക്കേഷൻ ഡയറക്ടർ ബഹു. ബിവിൻ കളമ്പാടൻ അച്ചനെയോ അറിയിക്കേണ്ടതാണ്.
13. കോവിഡ് 19 ന്റെ ഭാഗമായി ക്വാറന്റീനിൽ പോകുന്ന വ്യക്തികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി രൂപത സ്ഥാപനങ്ങളായ കല്ലേറ്റുംകര പാക്സ്, ആളൂർ ബി.എൽ.എം. റിട്രീറ്റ് സെന്റർ, കൊടകര സഹൃദയ എഞ്ചിനീയറിങ്ങ് കോളേജ് ഹോസ്റ്റൽ, ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമി ഹോസ്റ്റൽ എന്നിവ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഗവൺമെന്റിന്റെ സെന്ററുകളായി ഉപയോഗിക്കുവാൻ നാം സന്നദ്ധത പ്രകടമാക്കിയിട്ടുണ്ട്.
14. ഈ കാലഘട്ടത്തിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ തെറ്റായി പ്രചരിപ്പിക്കുന്ന സഭാവിരുദ്ധ പ്രസ്താവനകൾക്കും വിശ്വാസ വിരുദ്ധ ചിന്താഗതികൾക്കും പ്രസ്ഥാനങ്ങൾക്കും എതിരെ വിശ്വാസികൾ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.
15. മതബോധന അദ്ധ്യയനവർഷം 2020 മെയ് 31 ന് ഞായറാഴ്ച ആരംഭിക്കുന്നതിനാൽ മതപരമായ ഒത്തു കൂടലിന് ഗവൺമെന്റ് അനുവാദം ലഭിക്കുന്നതുവരെ ഭവനങ്ങളിൽ വിശ്വാസപരിശീലനം നടത്തുവാൻ രൂപത മതബോധനകേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബഹു. വികാരിയച്ചന്മാർ നേതൃത്വം നൽകേണ്ടതാണ്.

16. മേജർ സെമിനാരി വിദ്യാർത്ഥികൾക്ക് സെമിനാരി ഔദ്യോഗികമായി തുറക്കുന്നതുവരെ ഓൺലൈൻ ക്ലാസ്സുകൾ ജൂൺ 1 മുതൽ ആരംഭിക്കു ന്നതാണ്. വീടുകളിൽവച്ച് ഈ ക്ലാസ്സുകളിൽ പങ്കെടുക്കു വാൻ സൗകര്യമില്ലെങ്കിൽ ഇടവക പള്ളികളിൽ ആവശ്യമായ സഹായം ചെയ്തു കൊടുക്കേണ്ടതാണ്.

കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധികളുടെ നടുവിലും ആത്മീയ കാര്യങ്ങളിലും അജപാലന ശുശ്രൂഷകളിലും സാമൂഹിക പ്രവർത്തനങ്ങളിലും കാര്യക്ഷമമായ നേതൃത്വം കൊടുക്കുന്ന അജ പാലകരായിട്ടുള്ള നിങ്ങളെല്ലാവരോടും സ്നേഹപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

രൂപതാഭവനം
23.05.2020

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

കുടുംബങ്ങളുടെ മദ്ധ്യസ്ഥ വി. മറിയം ത്രേസ്യയുടെ തിരുനാൾ

കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വി. മറിയം ത്രേസ്യയുടെ തിരുനാൾ ജൂൺ 8-ാം തിയ്യതി ഈ വർഷം വളരെ ലളിതമായി ആഘോഷിക്കുന്നു. കോവിഡ് 19 ന്റെ ഭാഗമായുള്ള നിയന്ത്രണങ്ങളു ള്ളതിനാൽ വി. കുർബ്ബാനയിൽ സംബന്ധിക്കുവാ നുള്ള അവസരം ഓൺലൈൻ സംവിധാനങ്ങൾ വഴിയാണ് ഒരുക്കു ന്നത്. തിരുനാളിന് ഒരുക്കമായുള്ള ഒമ്പത് ദിവസത്തെ നൊവേന മെയ് 30-ാം തിയ്യതി ശനിയാഴ്ച ആരംഭിക്കുന്നു. എല്ലാ ദിവസവും രാവിലെ 9.00 മണിക്കായിരിക്കും ദിവ്യബലി (9.00 - 10.00). ഞായറാ ഴ്ചകളിൽ വൈകീട്ട് അഞ്ച് മണി (5.00 - 6.00). ജൂൺ 8-ാം തിയ്യതി തിങ്കാളാഴ്ച രാവിലെ 9.00 മണിക്ക് (9.00 - 11.00) അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോ ഷമായ തിരുനാൾ കുർബ്ബാനയും ഉണ്ടായിരിക്കും. ഷെക്കെയ്ന ചാന ലിലൂടെയും ഹോളിഫാമിലി കമ്മ്യൂണിക്കേഷൻസ് - St. Marim Thresia Youtube Channel (www.youtube.com/stmariamthresia) ലൂടെയും തത്സമയ സംപ്രേഷണം ഉണ്ടായിരിക്കും.

Diocese of Irinjalakuda:
A Brief Report on Covid 19 Interventions and Activities

The Diocese of Irinjalakuda expresses its deep sense of gratitude to our Diocesan Curia, Social Centres, Parishes, Religious Houses, Institutions and Associations for the care and concern have shown to our fellow brethren for preventing the Corona Virus and helping the poor and needy without discrimination of caste and creed during this lock down season. We have collected the details from our Diocesan Curia, Social Centers, Parishes, Institutions, Associations and Religious Congregations regarding the activities and interventions they have done so far (till 30th April 2020) in connection with Covid 19. We are also glad to inform you that many of our priests are planning to do various projects in the coming days. We have already spent **19,052,843.00** Rupees following things:

Cash Distribution	-	1,28,99,900.00
Masks	-	1,060,050.00
Sanitizer/Handrub	-	2,95,983.00
Food Kits	-	37,78,150.00
Community Kitchen	-	5,50,200.00
Total	-	**19,052,843.00**

Now the migrants are returning home from different countries and various states of India. We request all parishes to help the best way to rehabilitate them. For any help in diocesan level please contact:

Irinjalakuda Region:

Fr. Varghese Konthuruthy, Director, Social Action Forum
Phone No: 7510802439

Chalakudy Region:

Fr. Manoj Karippai, Director, AVARD Society
Phone No: 9400765884

Mala Region:

Fr. Liju Manjaprakaran, Director, "Kerala Sabha"
Phone No: 9495883636

Let us join hands together to help them and continue our relief works for our fellow brethren. I sincerely thank you for your sincere and generous initiatives.

With prayerful best regards and deep sentiments of love,

Irinjalakuda
8th May 2020

Mar Pauly Kannookadan
Bishop of Irinjalakuda.

1. **Appontments and relieving orders :**

Rev. Fr. Johny Menachery : Granted medical leave for one month. Residence at Vianney Home, Ashtamichira w.e.f. 14th May 2020.

Rev. Fr. Tinto Njarekadan: Appointed Acting Vicar, St. Mathew's Church Thumboor & Chaplain, Sacred Heart CHF Convent Thumboor w.e.f. 14th May 2020.

Rev. Fr. Riju Pynadath: Relieved Vicar, Little Flower Church, Anandapuram & Chaplain, St. Joseph's CMC Convent, and St. George's CSM Convent, Anandapuram. Granted permission to do preparatory works for pastoral ministry in abroad w.e.f .14th May 2020.

Rev. Fr. Joseph Maliekal: Appointed Acting Vicar, Little Flower Church, Anandapuram & Chaplain, St. Joseph's CMC Convent, Anandapuram and St. George's CSM Convent, Anandapuram w.e.f. 14th May 2020.

Rev. Fr. Sinto Chittilappilly: Relieved Vice Rector, St. Paul's Minor Seminary, Irinjalakuda; Assistant Vocation Promoter, Director, Altar Boys' Association of the eparchy of Irinjalakuda and Chaplain, Abhaya Bhavan, Porathissery. Granted permission to be the resident professor at St. Joseph's Pontifical Seminary, Mangalapuzha, Aluva w.e.f. 14th May 2020.

Rev. Fr. Lijo Karuthy: Appointed Vice Rector, St. Paul's Minor Seminary, Irinjalakuda; Assistant Vocation Promoter, Director, Altar Boys' Association of the Eparchy of Irinjalakuda; Chaplain, Abhaya Bhavan, Porathissery and Defender of Bond & Promoter of Justice of the Eparchial Tribunal of Irinjalakuda w.e.f. 14th May 2020.

2. **മൈനർ സെമിനാരി പ്രവേശനം:** ഈ വർഷം മൈനർ സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന യോഗ്യതയുള്ള കുട്ടികളെ കണ്ടുപിടിച്ചു എത്രയും വേഗം രൂപത മൈനർ സെമിനാരി റെക്ടർ ബഹു. വിൻസന്റ് പാറയിൽ അച്ചനെയോ, വൊക്കേഷൻ ഡയറക്ടർ ബഹു. ബിവിൻ കളമ്പാടൻ അച്ചനേയോ അറിയിക്കേണ്ടതാണ്.

3. **പരി. ത്രിത്വത്തിന്റെ തിരുനാൾ – ജൂൺ 07 ഞായർ :** ഇന്നുമുതൽ ത്രികാലജപം 'കർത്താവിന്റെ മാലാഖ' പ്രാർത്ഥിക്കേണ്ടതാണ്.

4. **വി. മറിയം ത്രേസ്യായുടെ തിരുനാൾ – ജൂൺ 8 തിങ്കൾ :** തിരുനാളിനൊരുക്കമായുള്ള 9 ദിവസത്തെ നൊവേന മെയ് 30 ശനിയാഴ്ച ആരംഭിക്കുന്നു. ഇടദിവസങ്ങളിൽ ദിവ്യബലി രാവിലെ 9.00 മണിക്കും ഞായറാഴ്ചകളിൽ വൈകീട്ട് അഞ്ച് മണിയ്ക്കും ആയിരിക്കും. തിരുനാൾ ദിനമായ ജൂൺ 8-ാം തിയ്യതി തിങ്കാളാഴ്ച രാവിലെ 9.00 മണിക്ക് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ കുർബ്ബാന ഉണ്ടായിരിക്കും. ഷെക്കെയ്ന ടി.വി. ചാനലിലൂടെയും St. Marim Thresia Youtube Channel (www.youtube.com/stmariamthresia) ലൂടെയും തത്സമയ സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.

വി. കുർബ്ബാനയുടെ തിരുനാൾ – ജൂൺ 11 വ്യാഴം

പാദുവായിലെ വി. അന്തോണീസ് – ജൂൺ 13 ശനി

5. **ഈശോയുടെ തിരുഹൃദയത്തിരുനാൾ – ജൂൺ 19 വെള്ളി:** അന്നേദിവസം വൈകീട്ട് 8 മണിക്ക് നമ്മുടെ എല്ലാ പള്ളികളിലും കൂട്ടമണി അടിക്കേണ്ടതും ആ സമയം എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്യേണ്ടതുമാണ്.

മാതാവിന്റെ വിമലഹൃദയതിരുനാൾ – ജൂൺ 20 ശനി

രൂപത പ്രഖ്യാപനദിനം – ജൂൺ 22 തിങ്കൾ

6. **വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – ജൂൺ 29 തിങ്കൾ :** നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുക തിരുനാൾകൂടിയായ അന്നേ ദിവസം അഭിവന്ദ്യ പിതാവിന് ആശംസകളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

7. **ഉപവാസപ്രാർത്ഥനാദിനം – ജൂൺ 28 ഞായർ :** രൂപതയുടെ ആദ്ധ്യാത്മിക കേന്ദ്രമായ സ്പിരിചാലിറ്റി സെന്ററിൽ അന്നേദിവസം നടത്തപ്പെടുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

